**സാൻസിബാര് പ്രസിഡണ്ടിന്റെ ഔദ്യോഗിക ഇന്ത്യാ സന്ദർശനം ജനുവരി 30, 2014_**

സാൻസിബാര് പ്രസിഡണ്ട് ആദരണീയനായ ഡോ. അലി മൊഹമ്മദ് ഷെയ്ൻ ഫെബ്രുവരി ഒന്നു മുതല് ഒൻപത് വരെ (ഫെബ്രുവരി 01-09, 2014. ) ഔദ്യോഗിക സന്ദർശനത്തിന് ഇന്ത്യയിൽ എത്തുന്നു. ഇന്ത്യയുടെ ഉപരാഷ്ട്രപതി ശ്രീ ഹമീദ് അൻസാരിയുടെ ക്ഷണം സ്വീകരിച്ചാണ് അദ്ദേഹം ഇന്ത്യയിൽ എത്തുന്നത്. മുതിർന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സംഘത്തിനും ഡോ ഷേയ്ൻ നേതൃത്വം കൊടുക്കും. ഡെൽഹിയിലെ പ്രധാന കാര്യങ്ങള് എല്ലാ, ഫെബ്രുവരി മൂന്നിനായിരിക്കും. അന്ന് പ്രതിനിധി തല ചർച്ചകള് നടക്കും . ഡോ. അലി മൊഹമ്മദ് ഷെയ്ൻ ആദരണീയനായ രാഷ്ട്രപതിയെയും ക്യാബിനറ്റ് മന്ത്രിമാരെയും കാണുമെന്ന് പ്രതീക്ഷിക്കുന്നു

ഇന്ത്യയിലെ ഐടിഇസി പദ്ധതിയുടെ കീഴിൽ പരിശീലനം കഴിഞ്ഞ ശേഷം സാൻസിബാറിലെ നൂറോളം ഗ്രാമീണ വനിതകൾ സൌരോർജ വിളക്കുകള് യോജിപ്പിക്കുന്നതിലും അവ സ്ഥാപിക്കുന്നതിലും അവ സംരക്ഷിക്കുന്നതിലൂടെയും സാൻസിബാര് ഗ്രാമങ്ങളിലെ നൂറോളം വീടുകളില് വൈദ്യുതോർജം നൽകുന്നതില് കാണിച്ച മികവിൽ മതിപ്പ് തോന്നിയതിനാൽ ആദരണീയനായ ഡോ. ഷെയ്നും അദ്ദേഹത്തിന്റെ പ്രതിനിധികളും ഇത്തരം പരിശീലന സൌകര്യങ്ങൾ സാൻസിബാറില് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ടിലോണിയയിലെ ബെയർഫുട് കോളേജ് സന്ദർശിക്കും ,

വ്യാപാര നേതാക്കളും ടാൻസാനിയ സമൂഹത്തിലെ അംഗങ്ങളും തമ്മിൽ ചർച്ചകൾക്കായി ഹൈദരാബാദ് , ബംഗളൂരു ,മുംബൈ എന്നിവിടങ്ങളും സന്ദർശിക്കുവാന് സാൻസിബാര് പ്രസിഡണ്ട് ഇഷ്ടപ്പെടുന്നു.

ഇന്ത്യയും സാൻസിബാറും നൂറ്റാണ്ടുകളായി സാൻസിബാര് ദ്വീപുകളിൽ കാണപ്പെടുന്ന ഇന്ത്യക്കാരുടെ സാന്നിധ്യം കൊണ്ട് തന്നെ ചരിത്രപരമായി വളരെ അടുത്ത ബന്ധമാണ് പുലർത്തുന്നത് . ഒരു ദശാബ്ദത്തിന് മുൻപ് തന്റെ മുൻഗാമി ഇന്ത്യ സന്ദർശിച്ചതിന് ശേഷം ഇപ്പോള് നടക്കാൻ പോകുന്ന സാൻസിബാര് പ്രസിഡണ്ടിന്റെ ഇന്ത്യാ സന്ദർശനം ഇന്ത്യക്കും സാന്സ്ബാറിനും ഇടയിലുള്ള ബന്ധം ഇന്ത്യക്കും യുണൈറ്റഡ് റിപ്പബ്ലിക് ഓഫ് ടാൻസാനിയക്കും ഇടയിലുള്ള അടുപ്പമുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂഡെൽഹി
ജനുവരി 30, 2014